# പൊതുജീവിതത്തിന് ചികിത്സ വേണം

**ഡേവിസ് വളർക്കാവ്**
**സസ്യാഹാരവേദി**



**1**. പാർലമെന്ററി സംവിധാനത്തിൽ നടക്കുന്ന തെരഞ്ഞെടുപ്പുകൾക്ക് ഇന്ത്യയിൽ പരീക്ഷിച്ചുകൊണ്ടിരിക്കുന്ന ജനാധിപത്യത്തിൽ നല്ല സ്വാധീനം ചെലുത്താൻ കഴിയും.

**2**. ഉണ്ടായിരിക്കാം. മാധ്യമങ്ങൾ അതിന്റെ ജന്മദൗത്യം മറന്നാണ് പ്രവർത്തിക്കുന്നത്. നാല് തൂണുകളിലുമുണ്ടായ വിള്ളൽ പരിഹരിക്കാൻ ശ്രമിക്കേണ്ടത് ഫോർത്ത് എസ്റ്റേറ്റാണ്.

**3**. ജനവിരുദ്ധമായ തീരുമാനമെടുക്കാനുള്ള സമ്മർദ്ദം രാഷ്ട്രീയ കക്ഷിയിൽ നിന്നോ മുന്നണിയിൽ നിന്നോ ഉണ്ടാകുമ്പോൾ സംഘടനയ്ക്കുള്ളിൽ ആ നിലപാട് തിരുത്താനുള്ള പ്രവർത്തനവും ജനങ്ങളോടൊപ്പം നിൽക്കുന്ന ഉറച്ച സമീപനവും ജനപ്രതിനിധികൾ എടുക്കണം.

**4**. ജനപ്രതിനിധികളുടേത് മാത്രമല്ല, ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടണം. പ്രവർത്തനം തൃപ്തികരമല്ലെങ്കിൽ ജനപ്രതിനിധിയെ തിരിച്ചുവിളിക്കാനുള്ള അവകാശം വോട്ടർമാർക്ക് നൽകണം. മധ്യപ്രദേശ്, സ്വിറ്റ്സർലാന്റ്, ഗാന്ധി മൂവ്മെന്റ് ഇവയിൽ നിന്ന് മാതൃകകൾ തിരയാവുന്നതാണ്. പഞ്ചായത്ത് രാജും ഇത്തരം സാധ്യതകൾ തുറന്ന് തരുന്നു.

**5**. വികസനവും പുരോഗതിയും തമ്മിൽ മഹാസംവാദങ്ങൾ നടക്കേണ്ടതുണ്ട്.

**6**. പൊതുസമൂഹം ഇനിയും സംഘടിതരായിട്ടില്ല. കക്ഷി, മുന്നണി, സമുദായം, മതം, വർണ്ണം ഇവയാണ് ഇന്ന് സജീവമായി നിൽക്കുന്നത്. പൗരൻ, പൗരി എന്ന നില, പൊതുസമൂഹം ഇവയൊക്കെ ഇനിയും രൂപപ്പെടേണ്ട ശാക്തിക ചേരികളാണ്. നാളത്തെ കേരളം പോയിട്ട് ഇന്നത്തെ കേരളം തന്നെ തെളിഞ്ഞ വരയിലല്ല.

**7**. പൊതുസമൂഹത്തെ പ്രതിനിധീകരിക്കുന്ന സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പിൽ വ്യാപകമായി ഇടപെടണം. രാഷ്ട്രീയ പാർട്ടികളുടെ അടിസ്ഥാനത്തിൽ സ്ഥാനാർത്ഥികളെ മത്സരിപ്പിക്കുന്ന സംവിധാനം അവസാനിപ്പിക്കണം.

**8**. അഞ്ച് വർഷം കൂടുമ്പോൾ മുരിങ്ങ ദോഷം മറിച്ചിടുന്നതുപോലെ ഭരണം മാറ്റി ഇവർ കുറച്ച് കാലം കയ്യിട്ടുവാരട്ടെ എന്ന് ആശ്വസിക്കുന്ന, തമ്മിൽഭേദം തൊമ്മൻ ആരാണെന്ന് നോക്കിനടക്കുന്ന വോട്ടർമാർക്ക് ഇപ്പോൾ ചർച്ച ചെയ്യപ്പെടുന്ന കാര്യങ്ങൾ തന്നെയാണ് പ്രധാനപ്രശ്നങ്ങൾ. വീക്ഷണകോൺ അനുസരിച്ച് തെരഞ്ഞെടുപ്പിൽ ചർച്ച ചെയ്യപ്പെടേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് എന്നതിൽ മാറ്റം വരും.

തെരഞ്ഞെടുപ്പിൽ അനിവാര്യമായും മത-മാത്സര്യാദികളിലൂടെ കടന്ന് പോകേണ്ടിവരുന്ന കേരളീയ മനസിനെ ശുദ്ധീകരിക്കാൻ അടിയന്തിര ഇടപെടൽ നടത്തേണ്ടതുണ്ട്. അല്ലെങ്കിൽ ഹിംസാത്മകത പെരുകും. സ്വകാര്യജീവിതത്തിലും പൊതുജീവിതത്തിലും ഇത് പ്രകടമാകും. തെരഞ്ഞെടുപ്പ് കാലത്തും അതിന് ശേഷവും പൊതുജീവിതത്തിന് ചികിത്സ നൽകണം. മാസ്സൈക്ക് അസ്വസ്ഥമായിരിക്കും. ഇതിന് നല്ല ശ്രദ്ധവേണം. അഹിംസ വളർത്താൻ ആത്മീയ സാധകരും സാംസ്കാരിക പ്രവർത്തകരും മുൻകൈയെടുക്കണം. തെരഞ്ഞെടുപ്പ് കമ്മീഷൻ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാനാകുമോ എന്ന് വിലയിരുത്തണം.